M 8913

Reg. No.: ...............................

Name : ..................................

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

# I Semester B.A./B.Sc. (Regular) Degree Examination, November 2010
## MALAYALAM (Common)
## Course No. 1 – 1A 07 MAL : സാഹിത്യ പഠനങ്ങൾ
## (2010 Admn.)

Time : 3 Hours　　　　　　　　　　　　　　　　Total Weightage : 30

I. ഏതെങ്കിലും **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിനും (മൂല്യം) വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) a) ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച ആദ്യത്തെ മലയാള കവി ആര് ?

b) 'കൊച്ചുതൊമ്മൻ' എന്ന കവിതാസമാഹാരം ഏതു കവിയുടേതാണ് ?

c) കണ്ണീർപ്പാടം എന്ന കവിത ഏതു കവിതാ സമാഹാരത്തിലേത് ?

d) 'ശക്തിയുടെ കവി' എന്നു വിശേഷിപ്പിക്കുന്നതാരെയാണ് ?

2) a) മഹാഭാരത കഥയെ അപഗ്രഥിച്ച് മാരാര് രചിച്ച കൃതി ഏത് ?

b) ഭാരതീയ ഇതിഹാസ പുരാണങ്ങളെ ആസ്പദിച്ച് ഒരു പുരാണ നിഘണ്ടു നിർമ്മിച്ച ക്രൈസ്തവ പണ്ഡിതൻ ആരായിരുന്നു ?

c) 'കാലികമായി നാം അനുഭവിക്കുന്ന ജാതിമേധാവിത്വ സംസ്ക്കാരത്തിന്റെ തിരിച്ചു വരവിനോടുള്ള പെണ്ണിന്റെ പ്രതിഷേധത്തെ സൂചിപ്പിക്കുന്നതാണ് ആ വാക്ക്' – ഏതു വാക്ക് ?

d) 'അതിലൊന്നു തൊട്ടാൽ തൊടുന്ന കൈ മണക്കും' സുഗത കുമാരി സൂചിപ്പിക്കുന്ന തെന്തിനെക്കുറിച്ചാണ് ?

3) a) 'ആ ഉമ്മറക്കല്ലിൽ ഞാൻ തളർന്നിരുന്നു.' ആരാണ് തളർന്നിരുന്നു പോയത് ?

b) വി. ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥയുടെ പേരെന്ത് ?

c) 'അമ്മാത്തേക്കെന്നപോലെ ഉല്ലാസത്തോടെ നമ്പൂതിരിമാർ പോയിരുന്നത്' ഏതിൽ പങ്കെടുക്കുന്നതിനാണ് ?

d) വി. ടി. രചിച്ച അതിപ്രശസ്തമായ നാടകം ഏത് ?

4) a) എം. ടി. വാസുദേവൻ നായർക്ക് 'കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത നോവൽ ഏത് ?

b) 'ദൈവവുമായുള്ള ഇടപാടുകളിൽ എവിടെയോ പിഴവു പറ്റി' എന്നു ചിന്തിച്ചതാര് ?

c) വെറ്റിനറി ഡോക്ടറുടെ രജിസ്റ്ററിൽ പൂച്ചയുടെ പേരെന്തായിരുന്നു ?

d) ചെടിച്ചട്ടിയിൽ സിഗററ്റു കുത്തിക്കെടുത്തിയപ്പോൾ ഒരു മുരളലുണ്ടായി. – മുരണ്ടത് ആര് ?

5) a) 'ഇരതേടും ക്രൗര്യങ്ങൾ നവര മുരപ്പതു –
മറിയാതാംധ്യാന പരതയോടെ' – ഇരിക്കുന്നതാര് ?

b) ഉച്ചയ്ക്ക് കാവിനുള്ളിൽ കേൾക്കുന്ന മുഴക്കം എന്തായിരുന്നു ?

c) 'കാവു തീണ്ടല്ലേ കുടിവെള്ളം മുട്ടും' എന്ന ലേഖനം ഏതു കൃതിയിൽ നിന്നും എടുത്തതാണ് ?

d) 'അഭയത്തിൻ വിരൂപ ശിഖരത്തിൽ ദൈന്യത്തിന്റെ പതാക'യായി കെ. ജി. ശങ്കരപ്പിള്ള വിശേഷിപ്പിക്കുന്നത് ആരെ ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) 'ആത്മാവെ ശാശ്വതമാക്കാൻ
പൊരുതുന്നവരുടെ ശക്തികളിവിടെ
തമ്മിൽച്ചേർന്നു പടർന്നുയരുന്നു' – ആശയമെഴുതുക.

7) 'നമ്മുടെ പ്രശ്നം പൂക്കളല്ല ; അതു കോർക്കാനുള്ള ചരടാണ്.' തായാട്ടു ശങ്കരന്റെ അഭിപ്രായത്തിന്റെ സാംഗത്യമെന്ത് ?

8) 'ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം നേടിയേ കഴിയൂ എന്നൊരഭിനിവേശം എന്നിലേക്കു കടന്നു വന്നത് ആ വഴിക്കു തന്നെ' – വഴി ഏതായിരുന്നു ?

9) 'എണീക്കാൻ ധൃതിപ്പെടേണ്ട
സമയമുണ്ടല്ലോ വേണ്ടുവോളം' – ഇവിടെ നിറയുന്ന പരിഹാസം വിവരിക്കുക.

10) 'വിശക്കുന്ന ഞങ്ങളുടെ വയറ്റിൽ കൂടുതൽ വ്രണങ്ങൾ ഉണ്ടായപ്പോൾ നിങ്ങൾ എവിടെയായിരുന്നു എന്ന് അവർ ചോദിക്കും' – ചോദിക്കുന്നതിന്റെ പശ്ചാത്തലം വിശദമാക്കുക.

III. **നൂറ്റിയമ്പതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) 'നരി തിന്നാൽ നന്നോ മനുഷ്യന്മാരെ' ഇവിടത്തെ ഉൾപ്പൊരുൾ കണ്ടെത്തുക.

12) അംബോപാഖ്യാനത്തിൽ മാരാരു കാണുന്ന സന്ദേശം എന്ത് ?

13) യോഗക്ഷേമ സഭയിലുണ്ടായ ചേരിപ്പോരിന്റെ കാരണം വിശദമാക്കുക.

14) സമൂഹത്തിൽ കീഴാളരും സ്ത്രീകളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാം ?

15) 'ഉമ്പച്ചി' പ്രതിയോഗികളെ നിലംപരിശാക്കിയതെങ്ങനെയെന്നു വിശദമാക്കുക.

16) പത്രപ്രവർത്തനരംഗത്തെ മൂല്യച്യുതി വി. എസ്. അനിൽ കുമാർ വിമർശന വിധേയമാക്കുന്നതെങ്ങനെ ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) സ്നേഹദ്വേഷ സങ്കുലമായ സങ്കീർണ്ണ ബന്ധത്തെക്കുറിച്ച് ഉള്ളു തുറക്കുന്ന കവിതയാണ് കണ്ണീർപ്പാടം – ചർച്ച ചെയ്യുക.

18) 'കാവു തീണ്ടിയാൽ കുടിവെള്ളം മുട്ടും' എന്ന പഴമൊഴിയുടെ കാലിക പ്രാധാന്യം വിവരിക്കുക.

19) മരക്കാപ്പ് കടപ്പുറത്തിന്റെ ഓർമ്മകളിൽ നിന്നു വരയുന്ന ദേശ ചരിത്രത്തിന്റെ തെളിമ കണ്ടെത്തുക.

20) ''മാറുന്ന മലയാളകഥയുടെ മുഖച്ചാർത്താണ് ഷെർലക്ക് '' – അപഗ്രഥിക്കുക.